കാസർഗോഡ് ബോൺമിൽ & ഫെർട്ടിലൈസേഴ്സ് എല്ലുപൊടി ഫാക്ടറി

175(T*2377) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ കോതോട്ട് മുളവിനടുക്കത്ത് കാസർഗോഡ് ബോൺമിൽ & ഫെർട്ടിലൈസേഴ്സ് എന്ന എല്ലുപൊടി ഫാക്ടറിക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിനെതിരെയുള്ള ജനകീയ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്ഥാപനത്തിന് മലിനീകരണനിയന്ത്രണ ബോർഡിന്റേയും പഞ്ചായത്തിന്റേയും ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര മാനദണ്ഡപ്രകാരമാണ് ലൈസൻസ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മലിനീകരണനിയന്ത്രണ ബോർഡിന്റെയും പഞ്ചായത്തിന്റെയും ലൈസൻസ് ലഭിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

176(2378) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2015 നവംബർ 30 വരെ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14, 2014-15 എന്നീ കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* 2015-16 സാമ്പത്തിക വർഷത്തെ കമ്പനികളുടെ ആഡിറ്റിനു മുമ്പുള്ള ലാഭനഷ്ടക്കണക്കുകളുടെ വിവരം ശേഖരിച്ചുവരുന്നതാണ്.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly